# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*477 27.06.2019 -ൽ മറുപടിക്ക്

**പുരാവസ്തു വകുപ്പിന്റെ പ്രവർത്തനവിപുലീകരണം**

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്
ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീമതി യു. പ്രതിഭ
ശ്രീ.ആന്റണി ജോൺ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ സമഗ്ര വികസനത്തിനും വകുപ്പിന്റെ പ്രവർത്തന നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനുമായി മാർഗ്ഗ രേഖകൾ സമർപ്പിക്കുന്നതിന് പഠനം നടത്താൻ സർക്കാർ/ സർക്കാരിതര ഏജൻസികളെ ചുമതല ഏൽപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപരേഖ തയ്യാറാക്കുന്നതിന് പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി 16.08.2017 ലെ 506/2017/സാം.കാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്ര റിപ്പോർട്ട് വിദഗ്ധ സമിതി അംഗം കൂടിയായ ഡോ.പി.കെ.മൈക്കിൾതരകന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ കാലോചിതമായ പരിഷ്കാരം, വകുപ്പിലെ വിവിധ ഫാക്കൽറ്റികളുടെ ശാക്തീകരണം തുടങ്ങിയവ ലക്ഷ്യമിട്ടാണ് വിദഗ്ധ സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതാതു വിഷയങ്ങളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്രാഗത്ഭ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനും ഈ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നുണ്ട്. ജൂലൈ രണ്ടാംവാര ത്തോടെ ഈ റിപ്പോർട്ട് സർക്കാരിന് ഔദ്യോഗികമായി സമർപ്പിക്കുന്നതാണെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുരാവസ്തു വകുപ്പിന്റെ സർവ്വ മേഖലകളിലും കാര്യക്ഷമതയും അറിവും വർദ്ധിപ്പിക്കുന്നതിനായി കാര്യശേഷി വികസന പരിപാടികളും അതിനുവേണ്ട പരിശീലന പരിപാടികളും ദേശീയ, | (ബി) | പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങളെ കാലോചിതമായി പരിഷ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2019 ജനുവരി മാസം ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ടെക്നിക്കൽ വിഭാഗം |

| | | | |
|---|---|---|---|
| | അന്തർദേശീയ തലങ്ങളിൽ ആവിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | ജീവനക്കാർക്ക് വേണ്ടി ഒന്നാം ഘട്ടമായി ദ്വൈവാര സമഗ്ര പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. രണ്ടാം ഘട്ട പരിശീലനം ഈ വർഷം കേരളത്തിൽ പൂർത്തിയാക്കുന്നതാണ്. മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് വേണ്ടിയുള്ള സമഗ്ര പരിശീലന പരിപാടി നടപ്പ വർഷം സംഘടിപ്പിക്കുന്നതാണ്. ആയതിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 'കപ്പാസിറ്റി ബിൽഡിംഗ്' പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തികവർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ, അന്തർദേശിയ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുരാവസ്തു വകുപ്പിലെ വനിതാ ജീവനക്കാരുടെ ശാക്തീകരണത്തിനും കാര്യശേഷി വികസനവുമായി ബന്ധപ്പെട്ടും 50 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷത്തെ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കർമ്മപരിപാടികൾ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതാണ്. |
| (സി) | ഇതിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കാമോ; | (സി) | ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ വിഷയ വിദഗ്ധരുടെ സേവനം വകുപ്പ് ആവശ്യമായ ഘട്ടങ്ങളിൽ തേടാറുണ്ട്. പരിശീലന പരിപാടികളിൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭിച്ചിരുന്നു. കൺസർവേഷൻ പ്രവർത്തികളിൽ ടി ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും അഭിപ്രായ ങ്ങളും വകുപ്പ് തേടി വരുന്നുണ്ട്. പുരാവസ്തുവകുപ്പിന്റെ ഉത്ഖനന പ്രവർത്തനങ്ങൾ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതിയോടു കൂടി മാത്രമേ നടപ്പിലാക്കുകയുള്ളൂ. |
| (ഡി) | നിലവിലുള്ള സംരക്ഷിത സ്മാരകങ്ങൾക്ക് പുറമേ സംരക്ഷിത സ്മാരക പട്ടികയിൽ പുതുതായി ഇടം പിടിക്കുന്ന പൈതൃക നിർമ്മിതികൾ വിലയ്ക്കുവാങ്ങി വകുപ്പിന്റെ കീഴിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | പൈതൃക നിർമ്മിതികൾ വിലയ്ക്കു വാങ്ങുന്നത് ആ നിർമ്മിതിയുടെ സവിശേഷമായ പ്രത്യേകതകളും, നിലവിലെ സാഹചര്യവും കണക്കിലെടുത്താണ്. ചരിത്ര പൗരാണിക മൂല്യമാണ് പ്രധാനമായും കണക്കാക്കുന്നത്. കലാപരവും വാസ്തുപരവുമായ സവിശേഷതകളും പ്രസ്തുത കെട്ടിടത്തിനു ണ്ടായിരിക്കണം. വില നൽകി അത്തരം സ്മാരകങ്ങൾ ഏറ്റെടുക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തെയും സ്മാരകത്തിന്റെ പ്രാധാന്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്. സ്മാരകം നിലനിൽക്കുന്ന പ്രദേശം ഉൾപ്പെടുന്ന ജില്ലയിലെ കളക്ടർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വില നിർണ്ണയ റിപ്പോർട്ടും വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന നിർമ്മിതിയെപ്പറ്റിയുള്ള സമഗ്ര റിപ്പോർട്ടും പരിഗണിച്ചാണ് ഏറ്റെടുക്കൽ ജോലികൾ പൂർത്തിയാക്കുന്നത്. അതാതിടങ്ങളിലെ ചരിത്രപരവും പുരാവസ്തുപരവുമായ നിർമ്മിതികൾ തച്ചുതകർക്കപ്പെടാതിരിക്കുന്നതിനും ഉടമസ്ഥർക്ക് ന്യായമായ പ്രതിഫലം ലഭിക്കും എന്ന അവസ്ഥ കൈവരുന്നതിനാലും ഇത്തരം ഏറ്റെടുക്കലുകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിലെ കുമാരമംഗലത്ത് മന ഇത്തരത്തിൽ വകുപ്പ് വില നൽകി അടുത്തകാലത്ത് ഏറ്റെടുത്ത നിർമ്മിതിയാണ് |

**സെക്ഷൻ ഓഫീസർ**